പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6985 13/07/2012-ൽ മറുപടിക്ക്.

**പുതുതായി ഏർപ്പെടുത്തുന്ന ക്ഷേമനിധി പെൻഷനുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്ത് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയതായി ഏതെങ്കിലും വിഭാഗം തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതു വിഭാഗം തൊഴിലാളികൾക്കാണെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. മരംകയറ്റത്തൊഴിലാളികൾക്ക് അവശതാപെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) തൊഴിലാളികൾക്ക് നൽകുന്ന ക്ഷേമനിധി പെൻഷനുകൾക്ക് ഏതിലെങ്കിലും കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതു വിഭാഗത്തിലെന്നും എത്രമാസത്തെ കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകൾ ഒഴികെയുള്ള തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന എല്ലാ ക്ഷേമനിധി ബോർഡുകളിലും പെൻഷൻ കൃത്യമായി വിതരണം ചെയ്ത് വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകൾക്ക് 30/04/2012 വരെയുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനാവശ്യമായ തുക നൽകിയിട്ടുണ്ട്. ആയത് അതാത് ബോർഡ് വിതരണം ചെയ്ത് വരുന്നു. |
| (സി) പുതുതായി ഏതെങ്കിലും വിഭാഗം തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് വിഭാഗം തൊഴിലാളികൾക്കാണെന്ന് വ്യക്തമാക്കുമോ? | (സി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ